# Malayala Manorama

## 18 June 2018

## Eloor: Heavy rain, Flood

# ഏലൂരിൽ 50 വീടുകൾ വെള്ളക്കെട്ടിൽ




ഏലൂർ ഡിപ്പോ റോഡിലെ വെള്ളക്കെട്ട്

**ഏലൂർ** ▸ കനത്ത മഴയിൽ ഏലൂർ നഗരസഭയുടെ ഏഴു വാർഡുകളിലായി അമ്പതോളം വീടുകളും പരിസരങ്ങളും വെള്ളക്കെട്ടിലായി. നഗരസഭയിലെ ഒന്ന്, രണ്ട്, നാല്, അഞ്ച്, ആറ്, ഇരുപത്തിയൊമ്പത്, മുപ്പത്തിയൊന്ന് വാർഡുകളിലെ വീടുകളിലുള്ളവരാണ് ദുരിതത്തിലായത്.

## രണ്ടു റോഡുകളിലും വെള്ളക്കെട്ട്

▸ ഏലൂർ നഗരസഭയിലെ ഡിപ്പോ റോഡിലും അംബേദ്കർ റോഡിലും വെള്ളക്കെട്ടുണ്ട്. ഇതു കാരണം വാഹനഗതാഗതം തടസ്സപ്പെട്ടു. പുഴയിലേക്ക് വെള്ളം ഒഴുകിപ്പോകേണ്ട ഉന്തി തോട്, കുഴിക്കണ്ടം തോട് എന്നിവ അടഞ്ഞു കിടക്കുന്നതാണ് വെള്ളക്കെട്ടിന് കാരണം.

ഏലൂർ നഗരസഭാ പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷം രൂപ ചെലവിൽ തോടുകൾ ശുചീകരിക്കാനാരംഭിച്ചപ്പോൾ ഗ്രീൻ ട്രിബ്യൂണലിന്റെ പരിഗണനയിലിരിക്കുന്നതിനാൽ കുഴിക്കണ്ടം തോടുമായി ബന്ധപ്പെട്ട് സ്റ്റേ വന്നിരുന്നു. ഇതിനെത്തുടർന്ന് തോട് ശുചീകരണം നിർത്തി വയ്ക്കേണ്ടിവന്നുവെന്ന് വൈസ് ചെയർമാൻ എം.എ. ജെയിംസ് പറഞ്ഞു.